**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1202** **14-03-2022 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കായംകുളം മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പാലങ്ങൾ ഏതൊക്കെയാണെന്നും ഇതിൽ ഓരോ പ്രവൃത്തികളുടെയും നിലവിലെ പുരോഗതി എന്താണെന്നും വിശദമാക്കാമോ? | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കായംകുളം മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പാലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. മുട്ടേൽ പാലം - നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുത്തു. 2. കൂട്ടംവാതുക്കൽക്കടവ് പാലം - നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഗതാഗതത്തിന് തുറന്ന് കൊടുക്കാവുന്ന നിലയിലാണ്. 3. പാർക്ക് ജംഗ്ഷൻ പാലം നിർമ്മാണം മാർച്ച് 30-നകം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 4. മാർക്കറ്റ് പാലം - പാർക്ക് ജംഗ്ഷൻ പാലം ഗതാഗതത്തിന് തുറന്ന് കൊടുത്തതിനു ശേഷം ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. 5. കന്നീസക്കടവ് പാലം - സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പാലത്തിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും. 6. കോയിക്കപ്പടി പാലം - മണ്ണ് പരിശോധന നടപടികൾ പൂർത്തിയായി. ഡിസൈൻ ലഭ്യമായിട്ടുണ്ട്. 13.08.2021-ൽ ഭരണാനുമതി നൽകി സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വേ നമ്പറുകൾ ലഭ്യമാക്കുന്നതിന് തഹസിൽദാരുടെ കാര്യാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. 7. മുനമേൽ കടവ് - സൊസൈറ്റി കടവ് പാലം- കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പാലം പ്രവൃത്തിയാണിത്. പ്രസ്തുത പ്രവൃത്തിക്കായി 50 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കേണ്ട വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ